പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3622 — 12.12.2014 - ൽ മറുപടിയ്ക്ക്

## സ്നേഹപൂർവ്വം പദ്ധതി

ചോദ്യം

ശ്രീ. കെ.കെ. ജയചന്ദ്രൻ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്നേഹപൂർവ്വം പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിന് അപേക്ഷകൾ സ്കൂൾ മുഖാന്തിരം സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ ഈ വർഷം എത്ര അപേക്ഷകൾ ലഭിക്കുകയുണ്ടായി; | (എ) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 856 അപേക്ഷകൾ ഓൺലൈനായി സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ് സൈറ്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സ്കൂൾ മേധാവികൾ 11 കുട്ടികളുടെ കമ്പ്യൂട്ടർ ജനറേറ്റഡ് ലിസ്റ്റ് മാത്രമാണ് ശുപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുള്ളത്. |
| (ബി) | അർഹരായവരിൽ ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും ഈ പദ്ധതിയിൽ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യം പരിശോധിക്കുമോ; | (ബി) | സ്നേഹപൂർവ്വം പദ്ധതി ആനുകൂല്യത്തിന് അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും ഈ ധനസഹായം ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിലേയ്ക്ക് പത്രക്കുറിപ്പ് നൽകുകയും പദ്ധതി സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകാൻ നടപടിയെടുത്തിട്ടുമുണ്ട്. |
| (സി) | അതത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൂടി അപേക്ഷ ലഭിക്കുവാനും പൂരിപ്പിച്ച് നൽകുവാനുമുള്ള സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (സി) | 10.10.2014 ലെ സാമൂഹ്യനീതി വകുപ്പിന്റെ സർക്കാർ ഉത്തരവ് (എം.എസ്)നം. 83/2014/സാനീവ പ്രകാരം വിദ്യാഭ്യാസ സ്ഥാപന മേധാവികൾ മുഖേന ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചു വരുന്നത്.<br>വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവി, തന്റെ സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ, പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം അർഹരായവരെ കണ്ടെത്തി അവരുടെ അപേക്ഷകൾ നിശ്ചിത മാതൃകയിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ വെബ്സൈറ്റ് |

| | | | |
|---|---|---|---|
| | | | (www.socialsecuritymission.gov.in) മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനാൽ പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്നില്ല. കൂടാതെ വിദ്യാഭ്യാസ സ്ഥാപന മേധാവിയ്ക്ക് അപേക്ഷകൾ സമർപ്പിയ്ക്കുന്നതുമായി ബന്ധപ്പെട്ട് തെരഞ്ഞെടുത്ത അദ്ധ്യാപകർക്ക് ഈ ചുമതല നൽകുന്നതിനായുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ